നിലവിലുള്ള ഒഴിവുകൾ നികത്തുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തേ മതിയാകൂ. പി.എസ്.സി. ലിസ്റ്റിൽ നിയമനം പ്രതീക്ഷിച്ച് കാത്തിരിക്കുന്ന നിരവധി ഉദ്യോഗാർത്ഥികൾ ജില്ലയിലുണ്ട്. ഇവർക്ക് നിയമനം നൽകി ഒഴിവുകൾ നികത്തുന്നതിനും അതുവഴി എക്സൈസ് വകപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും വാഹനങ്ങളും നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, അയൽ സംസ്ഥാനമായ കർണ്ണാടകവുമായി അതിർത്തി പങ്കിടുന്ന കാസർഗോഡ് ജില്ലയിൽ ഒരു മേജർ ചെക്ക്പോസ്റ്റും രണ്ട് താൽക്കാലിക ചെക്ക്പോസ്റ്റുകളുമാണ് നിലവിലുള്ളത്. സംസ്ഥാനത്ത് 12 പുതിയ താലൂക്കുകൾ രൂപീകരിച്ചപ്പോൾ അതിൽ മഞ്ചേശ്വരം ഉൾപ്പെടെ രണ്ടെണ്ണം കാസർഗോഡ് ജില്ലയിലാണ്. ഈ പുതിയ താലൂക്കുകളിൽ പുതിയ എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിക്കണമെന്ന എക്സൈസ് കമ്മീഷണറുടെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ താൽക്കാലിക ചെക്ക്പോസ്റ്റുകളായ ആവൂർ, പെർള എന്നിവ സ്ഥിരം ചെക്ക് പോസ്റ്റുകളാക്കണമെന്ന ശിപാർശ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പിന്നീട് പരിഗണിക്കുന്നതിനായി മാറ്റി വച്ചിരുന്നു. എന്നാൽ ഈ ചെക്ക്പോസ്റ്റുകൾ സ്ഥിരപ്പെടുത്തുന്നത് വളരെയേറെ അനിവാര്യമായതുകൊണ്ട് ഈ നിർദ്ദേശം ഈ സാമ്പത്തിക വർഷം തന്നെ പരിഗണിക്കുന്നതാണ്. പുതിയ താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിച്ചിട്ടില്ല. എങ്കിലും അതുൾപ്പെടുന്ന ഭൂപ്രദേശത്തിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നിലവിലുള്ള സർക്കിൾ ഓഫീസുകളും റെയ്ഞ്ച് ഓഫീസുകളും വളരെ കാര്യക്ഷമമായി നടത്തുന്നുണ്ട്. അതിർത്തി കടന്നുള്ള മദ്യക്കടത്ത് തടയുന്നതിനുവേണ്ടി സ്ഥിരം ചെക്ക്പോസ്റ്റുകളില്ലാത്ത സ്ഥലങ്ങളിൽ താൽക്കാലിക ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ച് പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണ്. കാസർഗോഡ് ജില്ലയിൽ 6 സിവിൽ എക്സൈസ് ഓഫീസർമാരുടെയും ഒരു വനിതാ സിവിൽ എക്സൈസ് ഓഫീസറുടെയും 5 പ്രിവന്റീവ് ഓഫീസർമാരുടെയും ഒഴിവുകൾ മാത്രമാണ് നിലവിലുള്ളത്. അത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും പി.എസ്.സി. ശിപാർശ ചെയ്യുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതുമാണ്.

16. വടകര നാഷണൽ ഹൈവേയിലെ അപകട സാധ്യത

ശ്രീ. സി. കെ. നാണു: സർ, വടകര മണ്ഡലത്തിലെ ഗവൺമെന്റ് മടപ്പള്ളി കോളേജിനടുത്തുള്ള നാഷണൽ ഹൈവേയിൽ റോഡിന്റെ വളവിൽ നിരന്തരമായി വാഹന അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കുറച്ചുദിവസങ്ങൾക്ക് മുമ്പ് രാത്രി ഈ വളവിൽ വച്ച് വാതക ടാങ്കർ ലോറിയും കാറും തമ്മിൽ കൂട്ടിയിടിച്ച് അപകടകരമായ രൂപത്തിൽ മറിയുകയുണ്ടായി. ഭാഗ്യത്തിന് ഒരു ഓട്ടോറിക്ഷാ

LIBRARY ARCHIVES Kerala Legislative Assembly

ഡ്രൈവർ ജീവൻ പണയം വച്ച് പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് ആ കാറിലുണ്ടായിരുന്നവരുടെ ജീവൻ രക്ഷിക്കാൻ സാധിച്ചത്. കോഴിക്കോട് ജില്ലാ കളക്ടർ, തഹസീൽദാർ ഫയർഫോഴ്സ് തുടങ്ങിയ എല്ലാ ഉദ്യോഗസ്ഥരും അവിടെയുണ്ടായിരുന്നു. അടിയന്തരമായി ആ റോഡിന് വീതി കൂട്ടാനും അതുപോലെ തന്നെ അപകടകരമായ ആ പ്രദേശങ്ങളിൽ വാഹനങ്ങളെ ബോധ്യപ്പെടുത്തുന്ന രൂപത്തിലുള്ള സിഗ്നലുകൾ വയ്ക്കാനും അപകട സാധ്യതാ ബോർഡുകൾ വയ്ക്കാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ദേശീയപാത 17-ൽ കണ്ണൂർമുതൽകുറ്റിപ്പുറം വരെ നാലുവരിപ്പാതയായി വികസിപ്പിക്കുവാനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. ഈ നാലുവരിപ്പാതയുടെ അലൈൻമെന്റിൽ ഉൾപ്പെടുന്നതാണ് അങ്ങ് സബ്മിഷനിലൂടെ ഉന്നയിച്ച ഭാഗം. സ്ഥലമെടുപ്പിന്റെ കാലതാമസം കാരണം കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതിയിൽ നിന്ന് പിൻമാറി. എന്നാൽ സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന പ്രകാരം ദേശീയപാതാ വികസന പദ്ധതി പുനഃരാരംഭിക്കാൻ കേന്ദ്ര മന്ത്രാലയം തയ്യാറാവുകയും ഇതിനായി പുതിയ ഡി.പി.ആർ. തയ്യാറാക്കുവാൻ ദേശീയപാതാ അതോറിറ്റി ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച റോഡിന്റെ ഭാഗത്ത് 10 മീറ്റർ വീതിയുണ്ട്. മണ്ണിട്ട് ഉയർത്തിയാണ് ഇവിടെ റോഡ് പണിതിരിക്കുന്നത്. ഇവിടെ വളവായതിനാൽ അമിത വേഗതയിൽ വരുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടാറുണ്ട്. റോഡ് വലതുഭാഗത്തേക്ക് വീതി കൂട്ടിയാൽ മാത്രമേ പരിപൂർണ്ണമായും സുരക്ഷിതമാകുകയുള്ളൂ. അതിനായി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതുപോലെ അപകടങ്ങൾ കുറയ്ക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് റോഡ് വീതി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. താൽക്കാലികമായി അപകടം ഒഴിവാക്കുന്നതിന് ജാഗ്രതാ നിർദ്ദേശം സൂചിപ്പിക്കുന്ന സൈൻ ബോർഡുകൾ സ്ഥാപിക്കാനും ഗാർഡ് സോണുകൾ ഇല്ലാത്തിടത്ത് അവ സ്ഥാപിക്കാനും നടപടികൾ എടുത്തുവരുന്നു. ദേശീയപാത 17-ന്റെ നാലുവരിപ്പാത വികസനം പൂർത്തിയാകുന്നതോടുകൂടി ഇതിന് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്.

17. അങ്കമാലിയിലെ ഗതാഗതക്കുരുക്ക്

ശ്രീ. ജോസ് തെറ്റയിൽ: സർ, 13-ാം കേരള നിയമസഭയുടെ പതിനഞ്ച് സമ്മേളനങ്ങളിലും ഞാനും ശ്രീ. സാജു പോളും മാറി മാറി ഉന്നയിക്കുന്ന ഒരു കാര്യമാണ് കാലടി ശ്രീശങ്കരാചാര്യ പാലത്തിന്റെ പ്രശ്നം. 42 കോടി രൂപ അനുവദിച്ചിട്ട് മൂന്നരക്കൊല്ലം കഴിഞ്ഞു. അലൈൻമെന്റ് പൂർത്തിയായിട്ടും ഒരു

LIBRARY ARCHIVES Kerala Legislative Assembly